## റൂളിംഗ്

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ശ്രീ. വി. ശിവൻ കുട്ടി, അങ്ങ് നൽകിയ കത്ത് വായിച്ചു. അങ്ങ് എടുത്ത സമീപനത്തെ ചെയർ അഭിനന്ദിക്കുകയും പൂർണ്ണമായും ഉൾക്കൊള്ളുകയും ചെയ്യുന്നു. സാധാരണ ഗതിയിൽ ഒരു പേഴ്സണൽ എക്സ്പ്ലനേഷൻ എന്നുപറയുന്നത്, നമ്മുടെ എല്ലാ നിയമ പുസ്തകങ്ങളിലും പറയുന്നത് ഒരു വ്യക്തി അല്ലെങ്കിൽ ഒരു മെമ്പറിനെതി രെയുള്ള പരാമർശം വരുമ്പോഴാണ് അതിൽ ബന്ധപ്പെട്ട അംഗത്തിന് വിശദീ കരണത്തിനായി വരുന്നത്. അതല്ലെങ്കിൽ ഒരു അംഗത്തിനെതിരെ ഏതെ ങ്കിലും ഒരു കമ്മിറ്റി റിപ്പോർട്ടിൽ പരാമർശമുണ്ടെങ്കിൽ അതിനുമുള്ള അവകാ ശമുണ്ട്. ഇവിടെ നടന്ന സംഭവം ചെയർ നേരിട്ട് കണ്ട് ചെയ്ത ഒന്നാണ്. അത്തരത്തിൽ ചെയറിന്റെ പരാമർശവുമായി ബന്ധപ്പെട്ട വ്യക്തി, ആ വ്യക്തിക്ക് വീണ്ടും വിശദീകരിക്കാനുള്ള സന്ദർഭം സഭയിൽ ഒരിക്കലും കൊടുത്തിട്ടില്ല, അങ്ങനെ കീഴ്വഴക്കവുമല്ല. അതുകൊണ്ട് അങ്ങ് നൽകിയ കത്തിലെ വികാരത്തെ പൂർണ്ണമായി ഉൾക്കൊണ്ടുതന്നെ ഈ പ്രശ്നം ഇവിടെ അവസാനിപ്പിക്കുന്നു.

(ധനകാര്യം)